(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന ആധുനിക ശുചിത്വമത്സ്യമാർക്കറ്റ് നിർമ്മാണം നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ആരംഭിക്കുന്നത്. ഇതുപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച 12 മത്സ്യമാർക്കറ്റുകൾക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല. പ്രസ്തുത മാർക്കറ്റുകൾക്ക് അംഗീകാരം ലഭിച്ചശേഷം മാത്രമെ പുതിയ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന സമയം കൊണ്ടോട്ടി മാർക്കറ്റിന്റെകാര്യവും പരിഗണിക്കുന്നതാണ്.

## ഉൾനാടൻ മത്സ്യകൃഷി

184 (2011) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലയിലെ മത്സ്യ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെയും മത്സ്യ കർഷകർക്ക് നൽകിയ ആനുകൂല്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വയനാട് ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയും ആത്മയുമായി സഹകരിച്ച് പടുതകുളം, മത്സ്യകൃഷി പരിശീലനം, പ്രദർശനകുളങ്ങൾ സ്ഥാപിക്കൽ, ഫാംസ്കൂൾ, ഫാർമേഴ്സ് ക്ലബ്ബിന് സ്വന്തമായ കെട്ടിടം തുടങ്ങി വിവിധ പദ്ധതികളും, കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗപ്പെടുത്തി കുളം നിർമ്മിച്ച് മത്സ്യകൃഷി ആരംഭിക്കുന്നതിന് ധനസഹായം, ശാസ്ത്രീയമത്സ്യകൃഷിയിൽ പരിശീലനം മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു. അലങ്കാര മത്സ്യ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് (NFDB) ആവിഷ്കരിച്ച് പദ്ധതി ഫിർമവഴി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലയിലെ മത്സ്യകർഷകരെ മത്സ്യസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയ്ക്ക് നൂറ് ശതമാനം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യക്കുളം നിർമ്മാണം, മത്സ്യകുളം പുനരുദ്ധാരണം എന്നിവയ്ക്ക് സബ്സിഡിയും നൽകുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

(1) മത്സ്യവിത്ത് വിതരണം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 1055 കർഷകർക്കായി 5,05,509 മത്സ്യവിത്തുകൾ സൗജന്യമായി വിതരണം ചെയ്തു.

(2) ശാസ്ത്രീയ മത്സ്യകൃഷി പരിശീലനം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 58 കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകി.

(3) തീറ്റ സബ്സിഡി: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 21538 രൂപ തീറ്റ സബ്സിഡിയായി വിതരണം ചെയ്തു.

(4) കുളം നിർമ്മാണം സബ്സിഡി: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മൂന്ന് കർഷകർക്കായി ഒരേക്കർ കുളം നിർമ്മാണത്തിനായി 36,800 രൂപ സബ്സിഡിയായി അനുവദിച്ചു.

(5) പടുതാക്കുളം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 9 കർഷകർക്ക് പടുതാക്കുളത്തിൽ സംയോജിത മത്സ്യകൃഷിക്കായി ആത്മയുമായി സഹകരിച്ച് 45 സെന്റ് പടുതാക്കുളത്തിന് 5,94,000 രൂപ സബ്സിഡിയായി അനുവദിച്ചു.

**അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

185 (2012) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചിലവഴിച്ചു ; ഓരോ പദ്ധതിയ്ക്കായി ചെലവഴിച്ച തുക തരംതിരിച്ച് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് മുഖേന എത്ര മത്സ്യത്തൊഴിലാളികൾക്ക് അമ്പലപ്പുഴ മണ്ഡലത്തിൽ വീട് നിർമ്മിച്ചു നൽകി ; വിശദാംശം നൽകുമോ ;

GPM. 2/240/2020-34



LIBRARY ARCHIVES Kerala Legislative Assembly